# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:03.05.2025**

## പ്രധാനവാർത്തകൾ

1.) **കോഴിക്കോട് മെഡിക്കൽ കോളജിൽ അത്യാഹിത വിഭാഗത്തിൽ പുകയുയർന്ന സംഭവവുമായി ബന്ധപ്പെട്ട് മൂന്ന് പേരുടെ മരണത്തിൽ പോലീസ് കേസെടുത്തു.**

2.) **മെഡിക്കൽ കോളേജിലെ സംഭവത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യമന്ത്രി വീണാ ജോർജ് മെഡിക്കൽ കോളേജ് സന്ദർശിക്കുന്നു.**

3.) **WAVES ഉച്ചകോടിയിൽ ഇന്ന് കമ്മ്യൂണിറ്റി റേഡിയോ ദേശീയ സമ്മേളനം നടക്കും.**

4.) **കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ദേശീയ സരസ് മേളയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോഴിക്കോട് നിർവഹിക്കും.**

5.) **ഐ.പി.എൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ചെന്നൈ സൂപ്പർ കിംഗ്സിനെ ഇന്ന് നേരിടും.**

***************************************************************

RNU TVPM

## പ്രധാനമന്ത്രി - അങ്കോള പ്രസിഡൻറ്

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ അങ്കോള പ്രസിഡന്റ് ജോവോ മാനുവേൽ ഗോൺസാൽവസ് ലോറെൻസോയുമായി പ്രതിനിധിതല ചർച്ച നടത്തും

പ്രസിഡന്റ് ലോറെൻസോയ്ക്ക് ഇന്ന് രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം നൽകി. തുടർന്ന് രാജ്ഘട്ടിൽ, രാഷ്ട്രപിതാവ് മഹാത്മാഗാന്ധിക്ക് അദ്ദേഹം ആദരാഞ്ജലി അർപ്പിച്ചു. 38 വർഷങ്ങൾക്ക് ശേഷമാണ് ഒരു അംഗോള പ്രസിഡന്റ് ഇന്ത്യ സന്ദർശിക്കുന്നത്.

***********************************************************************

## കോഴിക്കോട് മെഡിക്കൽ കോളേജ്

RNUTVPM

കോഴിക്കോട് മെഡിക്കൽ കോളെജിൽ അത്യാഹിത വിഭാഗത്തിൽ ups റൂമിൽ നിന്നും പുകയുയർന്ന സംഭവവുമായി ബന്ധപ്പെട്ട് 3 പേരുടെ മരണത്തിൽ മെഡിക്കൽ കോളെജ് പോലീസ് കേസെടുത്തു. ഇവരുടെ പോസ്റ്റ്മോർട്ടം നടപടികൾ മെഡിക്കൽ കോളജിൽ പുരോഗമിക്കുകയാണ്. സംഭവസമയത്ത് മെഡിക്കൽ കോളജ് അത്യാഹിത വിഭാഗത്തിൽ പ്രവേശിക്കപ്പെട്ട രോഗികളായിരുന്നു ഇവർ. യഥാസമയം മറ്റ് രോഗികളെ സുരക്ഷിതമായ സ്ഥാനത്തേക്ക് മാറ്റിയതിനാൽ വലിയ അപകടം ഒഴിവായി. സംഭവത്തിൽ വകുപ്പ് തല അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. അത്യാഹിതവിഭാഗം താൽകാലികമായി കോഴിക്കോട് ബീച്ച് ആശുപത്രിയിലാണ് പ്രവർത്തിക്കുന്നത്.

***********************************************************************

## മുഖ്യമന്ത്രി - കോഴിക്കോട് (ഇൻട്രോ)

കോഴിക്കോട് മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗത്തിലുണ്ടായ സംഭവം നടക്കാൻ

പാടില്ലാത്തതായിരുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അടിയന്തരമായി വേണ്ട നടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് - വോയിസ്)

ആരോഗ്യ മന്ത്രി വിണാ ജോർജ് ഇപ്പോൾ മെഡിക്കൽ കോളേജ് സന്ദർശിക്കുകയാണ്.

*******************************************************************

## പ്രിയങ്ക-കോഴിക്കോട്

കോഴിക്കോട് മെഡിക്കൽ കോളേജിൽ ഉണ്ടായ തീപിടിത്തത്തിൽ കോഴിക്കോട് കലക്ടറോട് വിവരങ്ങൾ ആരാഞ്ഞു പ്രിയങ്ക ഗാന്ധി എം.പി. ആവശ്യമായ എല്ലാ സഹായങ്ങളും അടിയന്തിരമായി ലഭ്യമാക്കണമെന്ന് എം.പി. കലക്ടറോട് ആവശ്യപ്പെട്ടു.

RNU TVPM

*******************************************************************

## വേവ്സ് - എൽ.മുരുകൻ

WAVES ഉച്ചകോടിയിൽ Live Events Economy: A Strategic Growth Imperative എന്ന പേരിലുള്ള ഇന്ത്യയുടെ ധവളപത്രം പുറത്തിറക്കി. കേന്ദ്ര മന്ത്രിമാരായ അശ്വിനി വൈഷ്ണവ്, എൽ. മുരുകൻ എന്നിവർ ചടങ്ങിൽ സന്നിഹിതനായിരുന്നു. ലൈവ് എൻറർടൈൻമെൻറ് വ്യവസായത്തിൻറെ വളർച്ചാ പാതകൾ,തന്ത്രപരമായ ശുപാർശകൾ എന്നിവയുടെ സമഗ്രമായ വിശകലനമാണ് ധവളപത്രത്തിലുള്ളത്. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയമാണ് ധവളപത്രം സമർപ്പിച്ചിരിക്കുന്നത്.

*******************************************************************

## വേവ്സ് ഉച്ചകോടി - ആമിർ ഖാൻ (ഇൻട്രോ)

മുംബൈയിൽ നടക്കുന്ന വേവ്സ് ഉച്ചകോടി 2025 ലൂടെ മാധ്യമ, എന്റർടെയ്ൻമെന്റ് മേഖലയ്ക്ക് മറ്റൊരു സർക്കാരും നൽകാത്ത പരിഗണനയാണ് ലഭിച്ചിരിക്കുന്നതെന്ന് ബോളിവുഡ് നടൻ ആമിർ ഖാൻ. ഉച്ചകോടിയോടനുബന്ധിച്ച് തയ്യാറാക്കിയ പ്രസാർ ഭാരതിയുടെ പവലിയൻ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

***************************************************************

## വേവ്സ് - കമ്മ്യൂണിറ്റി റേഡിയോ

മുംബൈയിൽ നടക്കുന്ന ലോക ദൃശ്യ - ശ്രവ്യ ഉച്ചകോടിയുടെ മൂന്നാം ദിവസമായ ഇന്ന് കമ്മ്യൂണിറ്റി റേഡിയോ ദേശീയ സമ്മേളനം നടക്കും. നയങ്ങൾ, ഏറ്റവും പുതിയ ട്രെൻഡുകൾ, കമ്മ്യൂണിറ്റി റേഡിയോകൾ ശക്തിപ്പെടുത്തേണ്ടതിൻറെ ആവശ്യകത തുടങ്ങിയവ ചർച്ചയാകും. കമ്മ്യൂണിറ്റി റേഡിയോയിൽ പ്രവർത്തിക്കുന്നവർക്ക് അനുഭവങ്ങൾ പങ്കുവെക്കുന്നതിനുള്ള വേദി കൂടിയാകും ഈ പരിപാടി.

***************************************************************

## ബീച്ച് ടൂറിസം വികസന പദ്ധതി

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് - ധർമ്മടം സമഗ്ര ബീച്ച് ടൂറിസം വികസന പദ്ധതി ഒന്നാംഘട്ടം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 79 കോടി 50 ലക്ഷം രൂപ ചെലവിലാണ് ആദ്യഘട്ടം പൂർത്തീകരിച്ചത്.

***************************************************************

PNU TVPM

## <u>സരസ് മേള (ഇൻട്രോ)</u>

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 12-ാം ദേശീയ സരസ് മേളയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകിട്ട് കോഴിക്കോട് ബീച്ചിൽ നിർവഹിക്കും. കോഴിക്കോട് ആദ്യമായി ആതിഥ്യം അരുളുന്ന ദേശീയ സരസ് മേള ഈ മാസം 13 വരെയാണ് നടക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർ ബാബു.....**

**(വോയിസ്)**

*************************************************************

## <u>പേവിഷ ബാധ</u>

പേവിഷ ബാധ സ്ഥിരീകരിച്ച് തിരുവനന്തപുരം S.A.T ആശുപത്രിയിൽ ചികിത്സയിലുള്ള കുട്ടിയുടെ നില ഗുരുതരം. കൊല്ലം സ്വദേശിയായ ഏഴ് വയസുകാരിക്കാണ് വാക്സിൻ എടുത്തശേഷവും പേവിഷ ബാധ സ്ഥിരീകരിച്ചത്. കുട്ടിക്ക് കൃത്യമായ ചികിത്സ നൽകിയിട്ടുണ്ടെന്നും എന്നാൽ നേരിട്ട് ഞരമ്പുകളിൽ കടിയേറ്റതാകാം നില വഷളാകാൻ കാരണമെന്നും ആശുപത്രി അധികൃതർ വ്യക്തമാക്കി.

RNU TVPM

*************************************************************

## <u>ഗോവ അപകടം</u>

ഗോവയിലെ ഷിർഗാവിൽ ലൈരായി സത്ര ഉത്സവത്തിലുണ്ടായ തിക്കിലും തിരക്കിലും ആറു പേർ മരിച്ചു. 50 ലധികം പേർക്ക് പരിക്കേറ്റു. മുഖ്യമന്ത്രി പ്രമോദ് സാവന്ത് പരിക്കേറ്റവരെ സന്ദർശിച്ചു. ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്നും, ഓരോ രോഗിയുടെയും അവസ്ഥ

സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു. സംഭവത്തിൽ രാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ ദുഃഖം രേഖപ്പെടുത്തി.

*******************************************************************

**<u>ഐ.പി.എൽ</u>**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. ബെംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 07.30 നാണ് മത്സരം.

*******************************************************************

**<u>ഹോക്കി</u>**

ഇന്ത്യ - ഓസ്ട്രേലിയ വനിതാ ഹോക്കി പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3:10 ന് ഓസ്ട്രേലിയയിലെ പെർത്തിലാണ് മത്സരം. മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിലെ ആദ്യ വിജയം ഓസ്ട്രേലിയക്കായിരുന്നു.

RNUTVPM

*******************************************************************

**<u>മഴ</u>**

കേരളത്തിൽ വീണ്ടും മഴ ശക്തിപ്രാപിക്കുന്നു. വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്നലെ സംസ്ഥാനത്ത് ഉടനീളം പെയ്ത കനത്ത മഴയിൽ തിരുവനന്തപുരം ഉൾപ്പെടെ വിവിധ ജില്ലകളിൽ പലയിടങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടു.

*******************************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*****************************************************************************

## കോട്ടയം പിടിസി നിയമനം

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in/pbvacancies എന്ന വെബ് സൈറ്റ് വിലാസം സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 30. വിശദവിവരങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ 0471-2324983 എന്ന നമ്പറിൽ ബന്ധപ്പെടുക. Email id:airnewstvpm@gmail.com.

RNU TVPM

*****************************************************************************

## നിലമ്പൂർ- ഉപതിരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപ്പട്ടിക മറ്റന്നാൾ പ്രസിദ്ധീകരിക്കും. ഉപതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ പൂർത്തിയായതായി ജില്ലാകളക്ടർ VR വിനോദ് മലപ്പുറത്ത് അറിയിച്ചു. മണ്ഡലത്തിൽ 59 പോളിംഗ്ബൂത്തുകൾ പുതുതായി

ഏർപ്പെടുത്തിയിട്ടുണ്ട്. അവിടങ്ങളിലേക്കാവശ്യമായ വോട്ടിംഗ് യന്ത്രങ്ങളുടെയും, VV PAT മെഷീനുകളുടെയും പരിശോധന ഉടൻ പൂർത്തിയാക്കുമെന്ന് കലക്ടർ പറഞ്ഞു.

****************************************************************

## ലോക പത്ര സ്വാതന്ത്ര്യദിനം

ഇന്ന് ലോക പത്ര സ്വാതന്ത്ര്യ ദിനം. മാധ്യമ സ്വാതന്ത്ര്യത്തിനുമേൽ നിർമിതബുദ്ധിയുടെ സ്വാധീനം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

****************************************************************

## ലഹരി വിമുക്ത ക്യാമ്പെയ്ൻ

കായിക വകുപ്പിന്റെ നേതൃത്വത്തിൽ ലഹരി വിമുക്ത കാമ്പയിൻ 'കിക്ക് ഡ്രഗ്സ്" പ്രചരണ സന്ദേശ യാത്ര മറ്റന്നാൾ കാസർകോട്ട് നിന്ന് ആരംഭിക്കും. മന്ത്രി അബ്ദുറഹിമാൻ സന്ദേശയാത്രയ്ക്ക് നേതൃത്വം നൽകും. 14 ജില്ലകളിലൂടെയും സഞ്ചരിച്ച് ഈ മാസം 22-ന് എറണാകുളത്ത് കാമ്പയിൻ സമാപിക്കും. എല്ലാ ജില്ലയിലും ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്ന മിനി മാരത്തോൺ, വാക്കത്തോൺ തുടങ്ങിയ പരിപാടികളാണ് കാമ്പയിനിൽ ഉൾപ്പെടുത്തുന്നത്. ഉദുമ പാലക്കുന്നിൽ മിനി മാരത്തോൺ തിങ്കളാഴ്ച രാവിലെ ജില്ലാ പോലീസ് മേധാവി ഫ്ലാഗ് ഓഫ് ചെയ്യും.

RNU TVPM

****************************************************************

## രാഷ്ട്രപതി സമ്മേളനം

ആദ്യ ദേശീയ മധ്യസ്ഥ സമ്മേളനം, രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്‌വാൾ എന്നിവരും സമ്മേളനത്തെ അഭിസംബോധന ചെയ്യും.

നിയമ മന്ത്രാലയവുമായി സഹകരിച്ച് ഇന്ത്യൻ അറ്റോർണി ജനറലിന്റെ ഓഫീസാണ് പരിപാടി സംഘടിപ്പിക്കുന്നത്.

*****************************************************************************************

***************************************************************************

RNU TVPM